Madhyamam 28.12.17

# ഹരിതം, കമനീയം... അന്തർദേശീയ പ്രദർശനം

**മണ്ണുത്തി:** സ്വർണ വർണം വിതറി വിവിധ നാളികേര ഇനങ്ങൾ, കൗതുകമായി മധുരത്തിനൊപ്പം ഭീമൻ വാഴക്കുലകൾ, സൂര്യകാന്തിപ്പൂക്കളിൽനിന്ന് ലഭിക്കുന്ന തേൻമധുരം, ധാന്യപ്പെരുമക്കൊപ്പം പഴവർഗങ്ങളും പച്ചക്കറികളും. തീർന്നില്ല, പുഷ്പകൃഷിയുടെ വമ്പൻ സാധ്യതകൾ. വെള്ളാനിക്കര കാർഷിക സർവകലാശാലയിൽ തുടങ്ങിയ വൈഗ 2017 -അന്തർദേശീയ പ്രദർശനം ഹരിതാഭമാണ്. മനസ്സിന് കുളിർമക്കൊപ്പം ആരെയും കൃഷിയിലേക്ക് ആകർഷിക്കുന്നതും.

ഫിലിപ്പീനിയനായ കേരചന്ദ്രയും അന്തമാൻ നാളികേരവും ജാവയുമെല്ലാം നാളികേര കർഷകരെ ആകർഷിക്കും. സ്വർണനിറത്തിൽ ഇളനീരിനു സമാനമാണെങ്കിലും അസ്സൽ നാളികേരമാണിവ. ലക്ഷദ്വീപിൽ കാണപ്പെടുന്ന ചന്ദ്രകൽപയും മൈക്രോയുമെല്ലാം പ്രദർശനത്തിലെ ആകർഷണങ്ങളാണ്. പൊപ്പെലു, കാവേരി, സ്വർണമുഖി... മുഖം ചുളിക്കേണ്ട. ഇവ വാഴക്കുലകളാണ് . പക്ഷേ, വിദേശിയാണെന്ന് മാത്രം. വിദേശികളായ ഭീമൻകുലകൾ തന്നെയാണ് കൗതുകക്കാഴ്ച. പൂവൻ ഏറാടൻ, ചെമ്പൂവൻ, യക്കാപ്പി, ആറ്റുനേന്ത്രൻ എന്നിവ കണ്ടാൽ ആശ്ചര്യപ്പെടും.

സപ്പോട്ട, എഗ്ഫ്രൂട്ട്, ചതുരപ്പുളി, പാഷൻഫ്രൂട്ട്, ബിലിമ്പി, ലവിലവി, മധ്യേഷ്യൻ ഞാവൽ, പപ്പായ, ചക്ക തുടങ്ങി പഴങ്ങളുടെയും ഒടിച്ചുകുത്തി നാരങ്ങ, പച്ചമുളക്, ചേന, കാച്ചിൽ , ചേമ്പ്, മരച്ചീനി, കൂൺ തുടങ്ങിയ പച്ചക്കറിയുമുണ്ട്.

ഓർക്കിഡ് , ആന്തൂറിയം, ഔഷധ സസ്യങ്ങൾ എന്നിവയുടെ വിവിധ ഇനങ്ങൾ എന്നിവയുടെ നടീലും പരിപാലനവും മനസിലാക്കാനും ചെടികൾ വാങ്ങാനും സാധിക്കും. ഉൽപന്ന നിർമാണം, യന്ത്രസാമഗ്രികൾ, സാമ്പത്തികസഹായം, വിപണനമാർഗങ്ങൾ, പാക്കേജിങ്, ലൈസൻസിങ്, സർട്ടിഫിക്കേഷൻ തുടങ്ങി ഉൽപന്ന നിർമാണ വിപണന ശൃംഖലയിലെ എല്ലാ ഘട്ടങ്ങളെയും കുറിച്ചുള്ള ശരിയായ അവബോധം നൽകുന്ന വൈഗ പ്രദർശനം 31ന് സമാപിക്കും.

## കാർഷികരംഗത്ത് പുത്തൻ സാങ്കേതികവിദ്യയിലൂടെ പുതുതലമുറയെ പരിപോഷിപ്പിക്കണം –ഗവർണർ

**മണ്ണുത്തി:** കാർഷികരംഗത്ത് സുസ്ഥിര വികസനത്തിനായി പുത്തൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതുതലമുറയെ പരിപോഷിപ്പിച്ചെടുക്കണമെന്ന് ഗവർണർ ജസ്റ്റിസ് പി. സദാശിവം. വൈഗ അന്തർദേശീയ കാർഷിക ശിൽപശാലയും പ്രദർശനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഐ.ടിയും വിദ്യാഭ്യാസവും വ്യവസായവുമെല്ലാം കൂട്ടിയിണക്കി കൃഷിരീതിയെ നവീകരിക്കാനുള്ള വലിയൊരു സാധ്യതയും കേരളത്തിലുണ്ട്. കർഷകർക്ക് കൃഷിഭൂമി നവീകരിച്ച് സംരക്ഷിക്കാനുള്ള സഹായങ്ങൾ സർക്കാർ തലത്തിലുണ്ടാകണം. കൃഷിഭൂമി എല്ലായിടത്തും രൂപപ്പെടുത്തിയെടുക്കാവുന്ന ഒരു മാനസികാവസ്ഥ ഉണ്ടാക്കിയെടുക്കണം. നൂതന സാങ്കേതികവിദ്യ കൂട്ടുപിടിച്ചുള്ള കാർഷിക സംസ്കാരം വളർത്തിയെടുക്കണം. കൃഷിഭൂമിയിൽനിന്ന് കർഷകന് നല്ലവിളയും നല്ലവിലയും ലഭ്യമാക്കണം. കർഷകരുടെ വികാരങ്ങൾ മനസ്സിലാക്കിക്കൊണ്ട് നയസമീപനം കാർഷികമേഖലയിൽ അവലംബിക്കണമെന്നും അദ്ദേഹം പറഞ്ഞു. പ്രദർശനശാല ഉദ്ഘാടനവും ഗവർണർ നിർവഹിച്ചു.

കൃഷിമന്ത്രി വി.എസ്. സുനിൽ കുമാർ അധ്യക്ഷത വഹിച്ചു. കെ. രാജൻ എം.എൽ.എ, ജില്ല പഞ്ചായത്ത് പ്രസിഡൻറ് മേരിതോമസ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഐ.എസ്. ഉമാദേവി എന്നിവർ സംസാരിച്ചു. കാർഷികോൽപാദന കമീഷണറും കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറുമായ ടീക്കാറാം മീണ സ്വാഗതവും കാർഷിക വകുപ്പ് ഡയറക്ടർ എ.എം. സുനിൽകുമാർ നന്ദിയും പറഞ്ഞു. മൂല്യ വർധിത ഉൽപന്നങ്ങൾ കൂടാതെ, മൂല്യവർധിത സാങ്കേതികവിദ്യ, കൃഷി ഉപകരണങ്ങൾ, ഉൽപന്നനിർമാണ സാമഗ്രികൾ, നഴ്സറികൾ തുടങ്ങിയവയുടെ പ്രദർശനത്തിൽ നാടൻ ഭക്ഷണശാലകൾ ഉൾപ്പെടെ 300 സ്റ്റാളുകളാണുള്ളത്.